രക്ഷയുടെ പാതയിൽ-4



4


# ജീവന്റെ നീർച്ചാലുകൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

പാഠം 12

# തിരുപ്പട്ടം





ശിഷ്യന്മാരെപ്പോലെ ഈശോയാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവരും ഈശോയ്ക്കും അവിടുത്തെ സഭയ്ക്കുംവേണ്ടി ശുശ്രൂഷ ചെയ്യുവാൻ സമ്പൂർണമായി സമർപ്പിക്കപ്പെട്ടവരുമാണ് പുരോഹിതർ.

പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം 'മുൻപിൽ വയ്ക്കപ്പെട്ടവൻ' എന്നാണ്.

ആടുകൾക്കുവേി ജീവൻ സമർപ്പിച്ച നല്ല ഇടയനാണ് ഈശോ. അവിടുന്ന് തന്റെ ജീവിതം മരണവും ഉത്ഥാനവുംവഴി നമുക്ക് രക്ഷ നേടിത്തന്നു. ഈ രക്ഷാകർമ്മം ലോകാവസാനംവരെ തുടരുന്നതിനുള്ള ദൗത്യം ഈശോ ശ്ലീഹന്മാരെ ഭരമേൽപിച്ചു. ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ കൈവയ്പുശുശ്രൂഷ വഴിയാണ് സഭയിൽ പൗരോഹിത്യപദവി നൽകപ്പെടുന്നത്.



സുവിശേഷപ്രഘോഷണം, കൂദാശകളുടെ പരികർമ്മം, അജപാലനം എന്നിവ വഴി ദൈവജനത്തിന് ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടി മെത്രാൻമാരെയും വൈദികരെയും കൃപാവരം നൽകി അധികാരപ്പെടുത്തി നിയോഗിക്കുന്ന കൂദാശയാണ്

## തിരുപ്പട്ടം.





## നമുക്കു പാടാം

എത്ര സമുന്നതമിന്നു പുരോഹിതാ
നീ ഭരമേറ്റ വിശിഷ്ടസ്ഥാനം
അഗ്നിമയൻമാർ ദിവ്യാരൂപികൾ
ആയതിലത്ഭുതമാർന്നിടുന്നു

# നമുക്കു പ്രാർത്ഥിക്കാം

പുനരുത്ഥാനത്തിന്റെ മഹത്വത്തിലേക്ക് ദൈവജനത്തെ നയിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ഞങ്ങളുടെ അജപാലകന്മാരെ സമൃദ്ധമായി അനുഗ്രഹിക്കണമേ.

# നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(മർക്കോ.3:13-19)



## ഓർമ്മിക്കാൻ ഒരു തിരുവചനം

**"തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി ഈശോ പന്ത്രണ്ടു പേരെ നിയോഗിച്ചു"** (മർക്കോ. 3:14).

# എന്റെ തീരുമാനം

**ഞാൻ ദിവസവും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കും**

# നമുക്കു ആടാം പാടാം



ഈശോതൻ ശ്ലീഹരായ് തീർന്നീടുവാൻ
പന്ത്രുപേരെ തെരഞ്ഞെടുത്തു
തന്നോടു കൂടെന്നുമായിരിക്കാൻ
വചനപ്രഘോഷണം നിർവഹിക്കാൻ

കുരിശിലെ ദിവ്യമാം യാഗാർപ്പണം
ലോകാന്ത്യത്തോളം തുടർന്നീടുവാൻ
മർത്യരെ നാഥൻ വിളിച്ചീടുന്നു
തിരുപ്പട്ടമേകി നിയോഗിക്കുന്നു

ദൈവജനത്തെ നയിച്ചീടുവാൻ
ദൈവികജ്ഞാനം പകർന്നീടുവാൻ
കൂദാശയിലെ വിശുദ്ധി നൽകാൻ
ദൗത്യം ലഭിച്ചവർ വൈദികൻ താൻ.

Thank you